jaagrathayude
Keraleeyam
Rs. 25/-
2013 June

അണക്കര വിമാനത്താവളം

# മലയോരം സമരത്തിലേക്ക്

ഫാ. ജോൺ മാത്യു



ഇടുക്കി ജില്ലയിലെ ഉടുമ്പിൻചോല താലൂക്കിൽ വണ്ടന്മേകട്, ചക്കുപള്ളം ഗ്രാമപഞ്ചായത്തുകളിലായി സ്ഥിതി ചെയുന്ന കർഷക ഗ്രാമമായ അണക്കരയിലെ ജനങ്ങൾ വിമാനത്താവള നിർമ്മാണത്തിനായി എപ്പോൾ വേണമെങ്കിലും കുടിയിറക്കപ്പെടാം എന്ന ഭീഷണിയിലാണ് ഇന്ന്. ധാരാളം നെൽപ്പാടങ്ങളും, തണ്ണീർത്തടങ്ങളും സസ്യ-ജന്തു വൈവിധ്യങ്ങളാലും സമ്പന്നമായ പ്രദേശമാണ് വിമാനത്താവളത്തിനായി കണ്ടെത്തിയിരിക്കുന്നത്. അണക്കരയിൽ വിമാനത്താവളം വരുന്നെന്ന് ഭരണാധികാരികൾ കഴിഞ്ഞ കുറേ വർഷങ്ങളായി പറയുന്നുണ്ടെങ്കിലും സംസ്ഥാന സർക്കാറിന്റെ കീഴിലുള്ള കെ.എസ്.ഐ.ടി.സിയുടെ നേതൃത്വത്തിൽ അടുത്തിടെ ഇറങ്ങിയ ലഘുലേഖയും സാധ്യത പഠന ശ്രമവുമാണ് വീണ്ടും വിമാനത്താവള വിരുദ്ധ പ്രതിഷേധവുമായി നാട്ടുകാരെ നിരത്തിലിറക്കിയിരിക്കുന്നത്. ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ, പ്രാദേശിക രാഷ്ട്രീയ നേതാക്കന്മാരുടെയും ബിസിനുസുകാരുടെയും താല്പര്യ പ്രകാരം സർവ്വക്ഷിയോഗം എന്ന നാടകത്തിലൂടെ ജനങ്ങളുടെ മേൽ വികസന നുകം അടിച്ചേൽപ്പിക്കാനുള്ള ശ്രമം ജൂൺ പതിനാറാം തീയതി നടക്കുകയുണ്ടായി. എന്നാൽ സ്ത്രീകളും കുട്ടികളും ഉൾപ്പെടുന്ന തദ്ദേശീയരായ കർഷക സമൂഹം ഇതിനെതിരെ ശക്തമായ പ്രതിഷേധവുമായി രംഗത്തെത്തിയിരുന്നു.

ക്രമാതീതമായി ഉണ്ടായ ജനസംഖ്യാവർദ്ധനവും, ഭക്ഷ്യക്ഷാമവും, രാഷ്ട്രീയ അസ്ഥിരതയും യുദ്ധങ്ങളും ഉണ്ടായ കാലത്ത് പട്ടിണിമരണങ്ങളിൽ നിന്നും മനുഷ്യരാശിയെ സംരക്ഷിക്കുവാനുള്ള മാർഗ്ഗം എന്ന നിലയിലാണ് ഹൈറേഞ്ചിലേക്ക് സർക്കാർ ജനങ്ങളെ കൃഷിക്കായി കുടിയിരുത്തിത്തുടങ്ങിയത്. അങ്ങനെ കഴിഞ്ഞ നൂറ്റാണ്ടിന്റെ പകുതിയിൽ കേരളത്തിന്റെ വിവിധ ജില്ലകളിൽ നിന്നും കുടിയിരുത്തപ്പെട്ടവരാണ് അണക്കരയിലെ ജനങ്ങളിൽ ഭൂരിഭാഗവും. കൂടാതെ തമിഴ്നാട്ടിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും തൊഴിൽ തേടിയെത്തിയ തമിഴ് വംശജരും ഇവിടെയുണ്ട്.

ചതുപ്പുനിലങ്ങളും, മൊട്ടക്കുന്നുകളുമായിരുന്ന ഈ പ്രദേശത്തെ നിരവധി ത്യാഗങ്ങളിലൂടെ കൃഷി ഭൂമിയാക്കി മാറ്റിയവരാണ് ഈ ജനങ്ങൾ. നിരന്തരമായ കഠിനാധ്വാനത്തിന്റെ ഫലമായാണ് ഏലവും കുരുമുളകും നെല്ലും പച്ചക്കറികളും കൃഷി ചെയുന്ന ഒരു പ്രദേശമായി അണക്കര മാറിയത്. അങ്ങനെ പടുത്തുയർത്തിയ കാർഷികാടിത്തറയിലുള്ള ഒരു സമ്പത്ത് വ്യവസ്ഥയാണ് ഇവിടെ നിലനിൽക്കുന്നത്.

അങ്ങനെ കാലകാലങ്ങളായി കൃഷിചെയ്തും കാലികളെ വളർത്തിയും കൂലപ്പണി ചെയ്തും ജീവിച്ചിക്കുന്ന സാധാരണക്കാരായ ജനതയ്ക്ക് മുന്നിലേക്കാണ് വിമാനത്താവള പദ്ധതിയുടെ പേരിൽ അനിശ്ചിതത്വവും ആശങ്കകളും ഇന്ന് വന്നുചേർന്നിരിക്കുന്നത്. എപ്പോൾ വേണമെങ്കിലും കുടിയിറക്കപ്പെടും എന്ന ഭീഷണിയുള്ളതിനാൽ നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് നാളുകളായി കൃഷി ചെയ്യാൻ നാട്ടുകാർ മടിക്കുന്നു.

ഇടതുവലതു വ്യത്യാസമില്ലാതെ എല്ലാ രാഷ്ട്രീയകക്ഷികളും വിമാനത്താവള നിർമ്മാണത്തിന് മൗന സമ്മതം നൽകിയിയിട്ടുണ്ട്. ഇവരുടെ നേതൃത്വത്തിൽ ഒളിഞ്ഞും തെളിഞ്ഞും വിമാനത്താവളം യാഥാർത്ഥ്യമാക്കുന്നതിനായുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. വിമാനത്താവളം യാഥാർത്ഥ്യമാക്കുന്നതിനായി ചില പ്രാദേശിക രാഷ്ട്രീയക്കാരും ബിസിനുസുകാരും റിസോർട്ട്-ഭൂ മാഫിയകളും ചേർന്ന് വിമാനത്താവള നിർമ്മാണത്തിനായി ഒരു  സഹായ സമിതി രൂപികരിച്ചിട്ടുണ്ട്. അവരുടെ താല്പര്യ പ്രകാരമാണ് ജില്ലാ ഭരണകൂടം പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി തിടുക്കം കൂട്ടുന്നത്. എന്നാൽ തങ്ങളുടെ ജീവൻ ഏടുക്കാതെ ഈ മണ്ണിൽ പ്രവേശിക്കാൻ കഴിയില്ല എന്ന പറഞ്ഞുകൊണ്ട് ജനങ്ങൾ സമരത്തിൽ അണിനിരന്നുകൊണ്ടിരിക്കുകയാണ്.

കേരള വ്യവസായ വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ സർവ്വെ ചെയ്യുവാൻ വന്ന സംഘത്തെ ഇതിനോടകം നാട്ടുകാർ തടഞ്ഞു. ജനത്തെ അനുനയിപ്പിച്ച്, സർവ്വകക്ഷിയോഗത്തിലൂടെ കാര്യങ്ങൾ സാധിക്കാമെന്ന ജില്ലകലക്ടറുടെയും തത്പര കഷികളുടെയും നീക്കത്തിനെതിരെയുള്ള ശക്തമായ താക്കീതായിരുന്നു സ്ത്രീകളുടെയും കുട്ടികളുടെയും മുൻകൈയിൽ നടന്ന സമരം. അടിസ്ഥാന വികസനത്തിന് ആവശ്യമായ ശുദ്ധജലം, പാർപ്പിടം, ചികിത്സ്യ സൗകര്യങ്ങൾ, വിദ്യഭ്യാസം, തൊഴിൽ എന്നിവ പൂർണ്ണമായി എത്താത്ത അണക്കരയിലെ സാധരണക്കാർക്ക് വിമാനത്താവളം വന്നതുകൊണ്ട് നഷ്ടമല്ലാതെ ഒന്നുമുണ്ടാകാൻ പോകുന്നില്ല.

*ബന്ധങ്ങൾക്ക്: 09746043409*

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by Sharat. S at Keraleeyam, Thrissur - 21. Printed at Root printers, Perumpilly lane, Chiyyaram P.O, Thrissur - 680 026. Editor : Sharat. S. Phone: 9747062146, E-mail: mailkeraleeyam@gmail.com